ബഷീർ, വനിത മാസിക ചീഫ് എഡിറ്റർ മണർകാട് മാത്യൂ എന്നിവരും ലാന വാർഷികത്തിൽ പങ്കെടുത്തു.

കേരള ലിറ്ററി സൊസൈറ്റി ഡാലസ്, കേരള റൈറ്റേഴ്സ് ഫോറം ഹ്യൂസ്റ്റൺ, സർഗവേദി ന്യൂയോർക്ക്, സഹിതീസഖ്യം ന്യൂയോർക്ക്, സാഹിത്യവേദി ഫിലഡെൽഫിയ, കാലിഫോർണിയ ലിറ്ററി അസോസിയേഷൻ ഓഫ് മലയാളീസ് എന്നീ സംഘടനകൾ ലാനയുടെ അംഗസംഘടനകളായി. നീന പനയ്ക്കൽ, ജോസഫ് നമ്പിമഠം, ഡോ. മാത്യൂ തെക്കേടത്ത്, ചാക്കോ ശങ്കരത്തിൽ എന്നിവർ ആയുഷ്കാല മെമ്പർമാരായി. തോമസ് ജോസുകുട്ടിയുടെ നേതൃത്വത്തിൽ ബാൾട്ടിമൂർ വിർജീനിയ വാഷിങ്ങ്ടൺ റീജൻ 'രചന' എന്നപേരിലും, ഡോ. കോടയ്ക്കാട് സുരേന്ദ്രൻ നായർ, തോമസ് കർത്തനാൾ, അബ്ദുൾ പുന്നയൂർക്കുളം എന്നിവരുടെ നേതൃത്വത്തിൽ മിഷിഗൺ മലയാളി അസോസിയേഷനും ലാനയുടെ പോഷക സംഘടനകളായി പുതുതായി രൂപീകരിക്കപ്പെടുകയുണ്ടായി.

1999 മെയ് മാസത്തിൽ ജനനി മാസികയുടെ ആദ്യ ലക്കം പ്രസിദ്ധീകരിച്ചപ്പോൾ ലാനയുടെ പൂർണ്ണ പിന്തുണയുണ്ടായിരുന്നു. lanaonline.org എന്ന പേരിൽ ലാന domain സ്വന്തമാക്കി.

മെയ് 28, 29, 30 തീയതികളിൽ ഫിലഡൽഫിയയിലെ മാപ്പ് സെന്ററിൽ വച്ച് ലാനയുടെ വാർഷികവും ശില്പശാലയും അരങ്ങേറി. അമേരിക്കൻ നോവലിസ്റ്റ് ബെർണഡെറ്റ് വൈക്കോണർ ഉദ്ഘാടനം ചെയ്തു. കേരളത്തിൽനിന്നും ഡോ. എം.എം. ബഷീർ, ബി.എം. സുഹറ എന്നിവർ മുഖ്യാതിഥികളായിരുന്നു. "ചെറുകഥാപ്രസ്ഥാനത്തിലെ നൂതന പ്രവണതകൾ"--ജോൺ ഇളമത, "കവിത എന്നലെ, ഇന്ന്, നാളെ"--എൽസി ശങ്കരത്തിൽ, പീറ്റർ നീണ്ടൂർ, "സാഹിത്യ സൃഷ്ടികളിലെ സാമൂഹ്യതലം"--എബ്രഹാം തോമസ്, "നോവൽ സാഹിത്യം ഇന്ന്"--എബ്രഹാം തെക്കേമുറി എന്നിവർ പ്രബന്ധം അവതരിപ്പിച്ചു. ഡോ. ബഷീറും സുഹറയും സ്റ്റഡിക്ലാസ്സുകൾക്കും ശില്പശാലയ്ക്കും ചർച്ചകൾക്കും നേതൃത്വം നല്കി. പൊതുസമ്മേളനത്തിൽ അംബാസിഡർ ടി.പി. ശ്രീനിവാസൻ, ഡോ. എം.വി. പിള്ള എന്നിവർ മുഖ്യ പ്രഭാഷണം നടത്തി.

സാഹിത്യ മത്സരങ്ങളിൽ ചെറുകഥ--സി.എം.സി, നോവൽ--ജോൺ പണിക്കർ, കവിത--ഉഷ നന്ദകുമാർ, ലേഖനം--അബ്രഹാം തോമസ്, റവ. തമ്പി എന്നിവർ സമ്മാനത്തിന് അർഹരായി. ലാന ആദ്യമായി തുടങ്ങിയ ആചാര്യ അവാർഡിന് ജെ. മാത്യൂസ് അർഹനായി. ഭാഷയ്ക്കും സാഹിത്യത്തിനും നല്കിയ സേവനങ്ങൾക്ക് മലയാളംപത്രം, കേരള എക്സ്പ്രസ്സ്, ജനനി, കൈരളി എന്നീ പത്രങ്ങൾക്ക് ബഹുമതികൾ നല്കി. സമ്മേളനത്തെ ആദരിച്ചുകൊണ്ട് ഫിലഡെൽഫിയ ഗവർണർ മെയ് 29 കേരള ലിറ്ററി ഡേ ആയി പ്രഖ്യാപിച്ചുകൊണ്ട് പുറത്തിറക്കിയ വിളമ്പരം യോഗത്തിൽ വായിച്ചു.

അവസാന ദിവസം നടന്ന ജനറൽബോഡി യോഗം ആചാര്യ അവാർഡ് തുടരേണ്ടതില്ലെന്നും പകരം ഫെലോഷിപ്പുകൾ നല്കാമെന്നും തീരുമാനിച്ചു. മനു മാത്യൂ ഡാലസ് തയ്യാറാക്കിയ മലയാള സാഹിത്യകാരന്മാരുടെയും അമേരിക്കൻ മലയാളി സാഹിത്യകാരന്മരുടെയും പുസ്തക-ചിത്രപ്രദർശനം പ്രത്യേക പരാമർശം അർഹിക്കുന്നു. ഡോ. എം.എം. ബഷീറിനും സുഹറയ്ക്കും ഫലകം നല്കി ആദരിച്ചു. ഫിലഡെൽഫിയയിലെ എല്ലാ മലയാളി സംഘടനകളും ലാനയ്ക്ക് പിന്തുണ നല്കി പ്രോത്സാഹിപ്പിച്ചു. ലാനയുടെ നേതൃത്വത്തിൽ ആദ്യമായി, ഫോക്കാനയുടെ വേദിയിലല്ലാതെ, അരങ്ങേറിയ വാർഷികവും ശില്പശാലയും ലാന സ്വന്തം കാലിൽ നില്ക്കാൻ പ്രാപ്തിയുള്ള സംഘടന ആയിക്കഴിഞ്ഞിരിക്കുന്നു എന്ന് വിളിച്ചോതുന്നതായിരുന്നു ഫിലഡൽഫിയ സമ്മേളനം.

2000 ജൂൺ പത്തിന് റീജനൽ സമ്മേളനം ഹ്യൂസ്റ്റൺ കേരള ഹൗസിൽ നടത്തി. ഡാലസ് കേരള ലിറ്ററി സൊസൈറ്റി, മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹ്യൂസ്റ്റൺ എന്നീ



സംഘടനകൾക്കു പുറമെ ഹ്യൂസ്റ്റണിലെ ഭാഷാസാഹിത്യസ്നേഹികളുടെയും ഒരു സംഗമവേദിയായി ഈ സമ്മേളനം. "ഭാഷ, സംസ്കാരവളർച്ചയെ എങ്ങനെ സ്വാധീനിക്കുന്നു"--ജോർജ്ജ് മണ്ണിക്കരോട്ട് പ്രബന്ധം അവതരിപ്പിച്ചു. തുടർന്ന് ടി.എം സാമുവൽ, വർഗീസ് കമ്പാലത്ത് എന്നിവർ പ്രസംഗിച്ചു. റീജനൽ വൈസ് പ്രസിഡന്റ് മണ്ണിക്കരോട്ടായിരുന്നു സംഘാടകൻ.

ഏപ്രിൽ മാസത്തിൽ ന്യൂയോർക്ക് റീജിയൻ സമ്മേളനം സന്തൂർ റെസ്റ്റോറന്റിൽ നടത്തി. റീജനൽ വൈസ് പ്രസിഡന്റ് മനോഹർ തോമസായിരുന്നു സംഘാടകൻ. "അമേരിക്കൻ സാഹിത്യരംഗം, ഒരു അവലോകനം" എന്ന വിഷയം രാജു തോമസ് അവതരിപ്പിച്ചു. എൽസി ശങ്കരത്തിന്റെ മൂല്യമാലിക എന്ന കവിതാസമാഹാരം സമ്മേളനത്തിൽ പ്രകാശനം ചെയ്തു.

ലാനയുടെ 2000 വാർഷികം ഒക്ടോബർ 6, 7, 8 തീയതികളിൽ, റീജനൽ വൈസ്പ്രസിഡന്റ് മനോഹർ തോമസ് കൺവീനറായി, ന്യൂയോർക്കിലെ എല്മോണ്ട് കേരള സെന്ററിൽ വച്ച് നടത്തി. ന്യൂയോർക്കിലെ സാഹിത്യ സംഘടനകളായ സർഗവേദിയുടെയും സാഹിതീസഖ്യത്തിന്റേയും കൂട്ടായ സഹകരണത്തിലും ന്യൂയോർക്കിലെ പത്രമാസികകളായ മലയാളംപത്രം, കൈരളി, ജനനി എന്നിവരുടെ കൂട്ടായ പ്രവർത്തനവും കൊണ്ട് അനുഗൃഹീതമായിരുന്നു ഈ സമ്മേളനം. ഗുരുകുലം സ്കൂളിന്റെ പിന്തുണയും, ശില്പശാലയ്ക്കു നേതൃത്വവും, "എഴുത്തുകാരൻ, മതം, ആദ്ധ്യാത്മികത" എന്ന വിഷയത്തിൽ പ്രഭാഷണം നടത്തിയ പ്രസിദ്ധ എഴുത്തുകാരൻ സക്കറിയയുടെ സാന്നിദ്ധ്യവും പ്രത്യേകം ശ്രദ്ധേയമായി. ശശി തരൂർ, ഇംഗ്ലീഷ് കവയത്രി പ്രൊഫ. മീന അലക്സാണ്ടർ എന്നിവരും വിശിഷ്ടാഥിതികളായിരുന്നു. മലയാളംപത്രം അവാർഡ് ജോസഫ് നമ്പിമഠത്തിന്റെ 'നിസ്വനായ പക്ഷി' എന്ന കവിതാസമാഹരത്തിനും, ശശി തരൂറിന് പ്രത്യേക അവാർഡും നല്കി ആദരിച്ചു. മൈലപ്ര കഥകളുടെ പ്രകാശനം നടന്നു. മാധ്യമങ്ങൾക്കും മലയാളം സ്കൂളിനും പ്രത്യേക പുരസ്കാരങ്ങളും നല്കി.

പുതിയ ഭാരവാഹികളായി മനോഹർ തോമസ്--പ്രസിഡന്റ്, ജോൺ ഇളമത--സെക്രട്ടറി, എബ്രഹാം തെക്കേമുറി--ട്രഷറർ, വൈസ്പ്രസിഡന്റ്മാർ--ജോൺ മാത്യൂ അബ്ദുൾ പുന്നയൂർക്കുളം, ജോയിന്റ് സെക്രട്ടറി--പുഷ്പ മൈലപ്ര, മനു മാത്യൂ ഓഡിറ്റേഴ്സ്--ജെ മാത്യൂ എൽസി ശങ്കരത്തിൽ എന്നിവരെ തിരഞ്ഞെടുത്തു.

ഫിലഡെൽഫിയ അപ്പർ ഡാർബിസ് സഹൃദയവേദി, കാനഡ സഹൃദയവേദി എന്നീ പുതിയ യൂണിറ്റുകൾ ആരംഭിച്ചതും കാനഡ റീജനൽ സമ്മേളനവും ഈ വർഷമായിരുന്നു.

2001 നവംബർ 3, 4 തീയതികളിൽ മിലന്റെ ആഭിമുഖ്യത്തിൽ ഡിട്രോയിറ്റിൽ നടത്തിയ സമ്മേളനത്തിൽ കെ.എൽ. മോഹനവർമ്മയായിരുന്നു മുഖ്യാഥിതി.

2002 ആദ്യത്തെ അന്തർദേശീയ കൺവൻഷൻ ഒക്ടോബർ 12, 13 തീയതികളിൽ ടൊറൊന്റോയിൽ ചങ്ങമ്പുഴ നഗർ എന്നു നാമകരണം ചെയ്ത Western Sunset Inn-ൽ നടന്നു. റ്റോം കോക്കാട്ട്, ജോൺ ഇളമത എന്നിവർ കൺവൻഷൻ ചെയർമാന്മായിരുന്നു. ജോർജ്ജ് ഓണക്കൂറായിരുന്നു മുഖ്യാതിഥി. നോവൽ, കഥ ചർച്ചകൾ, കവിയരങ്ങ്, വിശ്വസാഹിത്യത്തിലെ ഇന്ത്യൻവംശരായ എഴുത്തുകാരെപ്പറ്റി പഠനം--ജോർജ്ജ് ഓണക്കൂർ, ചിരിയരങ്ങ്, മലയാളി പ്രവാസസാഹിത്യചർച്ച, അക്ഷരശ്ലോകം, ദൃശ്യകലകളും മലയാള സാഹിത്യവും, മലയാളമാധ്യമങ്ങൾ ചർച്ച, പിന്നീട് ലാനയുടെ ആദ്യ ബാങ്ക്വറ്റും പൊതുസമ്മേളനവും നടത്തപ്പെട്ടു. വിവിധ കലാപരിപാടികൾ, കഥാപ്രസംഗം, ബാങ്ക്വറ്റ്, മനോഹരമായി മികച്ച രീതിയിൽ പ്രസിദ്ധീകരിച്ച സുവനീർ എന്നിവയാൽ ശ്രദ്ധേയമായി ഈ അന്തർദേശീയ സമ്മേളനം.

പുതിയ ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ടവർ: പ്രസിഡന്റ്--ജോൺ ഇളമത, സെക്രട്ടറി--എബ്രഹാം തോമസ്, ട്രഷറർ--ജോൺ മാത്യൂ, വൈസ് പ്രസിഡന്റ്--പീറ്റർ നീണ്ടൂർ, തമ്പി ആന്റണി, ജോയിന്റ് സെക്രട്ടറിമാർ എബ്രഹാം തെക്കേമുറി, അബ്ദുൾ പുന്നയൂർക്കുളം.